LIBRARY ARCHIVES Kerala Legislative Assembly

വികലാംഗരുടെ നിയമനം

154 [2634] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് നിയമനങ്ങളിൽ വികലാംഗർക്ക് അർഹതപ്പെട്ട കോട്ട കർശനമായി പാലിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഏതൊക്കെ ജില്ലകളിലെ കളക്ടർമാർ ഈ കോട്ട അനുസരിച്ചുള്ള നിയമനം നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ നിയമനത്തിന് ജില്ലാ കളക്ടർമാർ സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ജില്ലകളിലാണ് കോട്ട അനുസരിച്ച് വികലാംഗരെ നിയമിക്കുവാൻ ബാക്കി നിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കോട്ട കർശനമായി പാലിച്ച് യഥാസമയം നിയമനം നടത്തുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇതു സംബന്ധിച്ച് ഇപ്പോൾത്തന്നെ നിർദ്ദേശം നിലവിലുണ്ട്.

വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്ക് നടപടി

155 [2635] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര വികലാംഗരാണുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതിൽ തൊഴിൽരഹിതരായവർ എത്ര;

(ഡി) സംസ്ഥാനത്തൊട്ടാകെ സർക്കാർ സർവ്വീസിൽ എത്ര വികലാംഗർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു എന്ന് അറിയിക്കാമോ;

(ഇ) 1998 മുതൽ 2000 വരെ ഗവൺമെന്റ് സർവ്വീസിലുണ്ടായിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ വികലാംഗക്ഷേമത്തിനായി നിലവിലുള്ള എല്ലാ പദ്ധതികളും ഈ സാമ്പത്തിക വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മന്ദബുദ്ധികളായ കുട്ടികൾക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ്, വികലാംഗരായ